**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5782** **08-11-2021 - ൽ മറുപടിയ്ക്ക്**

**മങ്കട നിയോജകമണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മങ്കട നിയോജകമണ്ഡലത്തിൽ എത്ര സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | മങ്കട നിയോജകമണ്ഡലത്തിൽ 751 സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾ നിലവിലുണ്ട് |
| (ബി) | കോവിഡ് മഹാമാരി കാരണം ഈ സംരംഭങ്ങളിൽ എത്ര എണ്ണം പ്രവർത്തനമവസാനിപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | കോവിഡ് മഹാമാരി കാരണം പ്രസ്തുത കാലയളവിൽ യൂണിറ്റുകൾ പ്രവർത്തനം നിർത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഈ നിയോജകമണ്ഡലത്തിൽ വ്യവസായ സംരംഭങ്ങൾക്ക് കോവിഡ് പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തെല്ലാം സഹായം വ്യവസായ വകുപ്പ് ഉറപ്പുവരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (സി) | കോവിഡ് 19 -ന്റെ ആഘാതത്തിൽ നിന്ന് സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകളെ സഹായിക്കുന്നതിലേക്കായി G.O.(MS).No 56/2020/ID dated 20/05/2020 പ്രകാരം വ്യവസായ ഭദ്രത എന്ന ഒരു സ്പെഷ്യൽ പാക്കേജ് മുൻ സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. ഈ പാക്കേജിൽ വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട ചുവടെ വിവരിക്കുന്ന പദ്ധതികളാണ് ഉൾപ്പെട്ടിരുന്നത്. 1. സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നതിന്റെ ഭാഗമായി പദ്ധതിയുടെ മാർഗ്ഗ രേഖ G.O.(MS) No.103/2020/ID dated 24/11/2020 ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് നടപ്പിലാക്കി വരുന്നു. ആയതിലെ പ്രധാന സവിഷേഷതകൾ a. SC/ST, വനിതകൾ, യുവാക്കൾ എന്നിവർ ആരംഭിക്കുന്ന MSME യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന 20% സബ്സിഡി 25% സബ്സിഡിയായി വർദ്ധിപ്പിച്ചു, ഈ പ്രത്യേക വിഭാഗത്തിലേക്ക് പ്രവാസികൾ ആരംഭിക്കുന്ന MSME യൂണിറ്റുകളെ കൂടി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നു. b. മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ട MSME യൂണിറ്റുകളുടെ പട്ടികയിൽ 'Pharmaceutical industries and health care products manufacturing industries' യൂണിറ്റുകളെ ഉൾപ്പെടുത്തി ജനറൽ വിഭാഗത്തിന് അനുവദിക്കുന്ന 15% നിക്ഷേപ സബ്സിഡിയ്ക്ക് പുറമെ 10% സബ്സിഡി കൂടി അനുവദിച്ചു. c. അനുവദിക്കുന്ന |

| | | | |
|---|---|---|---|
| | | | തുകകൾക്ക് ബന്ധപ്പെട്ട ബാങ്കുകളുടെയും/ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടെ ESS ന് ബിൽ ഡിസ്കൗണ്ടിംഗ് സ്കീം (BDS) നടപ്പാക്കുന്നതാണ്. 2. വ്യവസായ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന Scheme for Interest Subvention on Term Loan and working capital loan പദ്ധതി പ്രകാരം 01/04/2020 മുതൽ 31/12/2020 വരെ MSME യൂണിറ്റുകൾ (ഉൽപാദക മേഖലയിലും ജോബ് വർക്ക് ചെയ്യുന്നതുമായിട്ടുള്ള) എടുക്കുന്ന വായ്പകൾക്ക് 50% താങ്ങ് പലിശ 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും (Term Loan/Working capital) 30,000 രൂപ പരമാവധി 60,000 രൂപ വരെ അനുവദിച്ച് വരുന്നുണ്ട്. കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, COVID-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ടി പാക്കേജ് വഴി, നിലവിലെ പലിശയിളവ് പദ്ധതിയിൽ (Scheme for Interest Subvention on Term Loan and working capital loan) കൂടുതൽ ഇളവ് കൊണ്ട് വന്നിട്ടുണ്ട്. 2020 ഏപ്രിൽ 1 മുതൽ ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2019 ഏപ്രിൽ 1 മുതൽ 2021 ഡിസംബർ 31 വരെയുള്ള കാലാവധിയിൽ എടുത്ത വായ്പ്പകൾക്ക് കൂടി അനുവദിക്കുന്ന തരത്തിൽ പുതുക്കി ഉത്തരവ് ഭേദഗതി ചെയ്തിട്ടുണ്ട്. പുതിയ മാർഗരേഖ അനുസരിച്ച് മേൽ കാലയളവിൽ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് (ഓരോ ലോണിനും പരമാവധി 60,000 രൂപ എന്ന നിരക്കിൽ) 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. കൂടാതെ COVID-19 സമാശ്വാസ പദ്ധതി പാക്കേജ് പ്രകാരം വകുപ്പ് വഴി നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്), നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ ഇളവ് പദ്ധതി, നാനോ സംരംഭങ്ങൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി എന്നിവയിലും കൂടുതൽ ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. മേൽ പറയുന്ന പദ്ധതികൾ മങ്കട നിയോജക മണ്ഡലത്തിലെ സംരംഭകർക്കും ഗവൺമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി അനുവദിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ